പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5925

08-07-2013 – ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ വിഭവ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ധനകാര്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള വായ്പകൾ, സർക്കാർ സഹായങ്ങൾ, സബ്സിഡികൾ എന്നിവയ്ക്ക് ആനുപാതികമായ മുതൽമുടക്ക് കാർഷിക മേഖലയിൽ ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇല്ല. |
| (ബി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ ഇക്കാര്യം വിലയിരുത്താറുണ്ടോ; എങ്കിൽ അത് സംസ്ഥാനതലത്തിൽ ക്രോഡീകരിക്കാറുണ്ടോ; കഴിഞ്ഞ രണ്ടുവർഷത്തെ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) ജില്ലാതല ടെക്നിക്കൽ കമ്മറ്റികൾ ഇക്കാര്യം വിലയിരുത്താറില്ല. |
| (സി) പലിശരഹിതമായും സബ്സിഡിയോടെയും നൽകുന്ന വായ്പകൾ, കാർഷിക മേഖലയ്ക്ക് നൽകുന്ന സഹായങ്ങൾ എന്നിവയ്ക്ക് ആനുപാതിക മുതൽ മുടക്കും, കാർഷിക വിഭവ വർദ്ധനയും ഉണ്ടാകുന്നുണ്ടോ എന്നും ഇല്ലെങ്കിൽ കാരണങ്ങളെന്തെന്ന് കണ്ടെത്താനും ശുപാർശകൾ നൽകാനും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുമോ ? | (സി) ഈ ആവശ്യത്തിനായി ഒരു കമ്മറ്റിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ